# എയ്ഡ്സ് ബോധവൽക്കരണ സന്ദേശ റാലി

പെരുമ്പാവൂർ: വാഴക്കുളം പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റേയും മാറമ്പള്ളി എം.ഇ.എസ് കോളജിന്റേയും സംയുക്താഭിമുഖ്യത്തിൽ എയ്ഡ്സ് ബോധവൽക്കരണ സന്ദേശ റാലി, റോഡ്ഷോ, റെഡ് റിബർ അണിയിക്കൽ എന്നിവ സംഘടിപ്പിച്ചു. പ്രിൻസിപ്പൽ ഡോ. എ ബിജു റാലി ഫ്ളാഗ് ഓഫ് ചെയ്തു. സമാപന സമ്മേളനം വാഴക്കുളം ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ടി എച്ച് അബ്ദുൽ ജബ്ബാർ ഉദ്ഘാടനം ചെയ്തു. മെഡിക്കൽ ഓഫിസർ ഡോ. ഉണ്ണികൃഷ്ണൻ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഹെൽത്ത് സൂപ്പർവൈസർ ബിനോയ് ബോധവൽകരണ ക്ലാസ് നയിച്ചു.

02/12/2014




വടക്കെ വാഴക്കുളം യു.പി സ്കൂളിലെ കുട്ടികൾക്കായി നടത്തിയ പരിസ്ഥിതി സൗഹൃദ ആഭരണ ശിൽപശാല വേണു വാര്യത്ത് ഉദ്ഘാടനം ചെയ്യുന്നു

# പരിസ്ഥിതി സൗഹൃദ ആഭരണ ശിൽപശാല

13/11/14

**പെരുമ്പാവൂർ:** മാറമ്പിള്ളി എം.ഇ.എസ് കോളജ് വടക്കെ വാഴക്കുളം യു.പി സ്കൂളിലെ കുട്ടികൾക്കായി നടത്തിയ പരിസ്ഥിതി സൗഹൃദ ആഭരണ ശിൽപശാല പരിസ്ഥിതി പ്രവർത്തകനും ബാല സാഹിത്യകാരനുമായ വേണു വാര്യത് ഉദ്ഘാടനം ചെയ്തു. എം.ഇ.എസ് കോളജിലെ ഇലക്ട്രോണിക്സ് വിഭാഗമാണ് സ്കൂൾ കുട്ടികളുടെ അഭിരുചി വളർത്തുന്നതിനുവേണ്ടി ശിൽപശാല നടത്തിയത്.

ഹെഡ്മിസ്ട്രസ് മിനി മാത്യു, പി.ടി.എ അംഗങ്ങളായ രാജീവ്, സജിത എന്നിവർ ചടങ്ങിൽ സംസാരിച്ചു. എം.ഇ.എസ് ഇലക്ട്രോണിക്സ് വിഭാഗം മേധാവി പി.എം. ഷെമ്മി, ഷെമാസ് എന്നിവരുടെ നേതൃത്വത്തിൽ 20 പേരടങ്ങുന്ന ടീം തിരിഞ്ഞാണ് പരിശീലനം നൽകിയത്.

ഈവർഷം എം.ഇ.എസിലെ വിദ്യാർഥികൾ വടക്കെ വാഴക്കുളം സ്കൂളിലെ കുട്ടികൾക്കായി ചെയ്യുന്ന നാലാമത്തെ പ്രവർത്തനമാണിത്. പഠനോപകരണങ്ങൾ, യൂനിഫോം എന്നിവ വിതരണം, ലൈബ്രറി പുസ്തകങ്ങൾ ശേഖരിച്ച് നൽകൽ, കമ്പ്യൂട്ടർ പരിശീലനം എന്നിവ മുമ്പ് നടത്തിയിരുന്നു.

# ചവളർ സൊസൈറ്റി വാരപ്പെട്ടി ശാഖാമന്ദിരം ശിലാസ്ഥാപനം

**കോതമംഗലം:** ചവളർ സൊസൈറ്റി വാരപ്പെട്ടി ശാഖാമന്ദിരത്തിന്റെ ശിലാസ്ഥാപനം ശാഖാ സെക്രട്ടറി സി.ഇ. ശശി നിർവഹിച്ചു. പ്രസിഡന്റ് വി.കെ. സുരേന്ദ്രൻ അധ്യക്ഷത വഹിച്ചു. യൂനിയൻ പ്രസിഡന്റ് കെ.എൻ. ബോസ്, സെക്രട്ടറി പി.കെ. അനിൽ, സി.ഐ. രാജേന്ദ്രൻ, എം.ആർ. ബാലകൃഷ്ണൻ, ഇ.കെ. സതീഷ് കുമാർ, വി.എസ്. അരുൺ, കെ. വിഷ്ണുദാസ്, കെ.എൻ. വിശ്വനാഥൻ, സിംല ബാലകൃഷ്ണൻ, എം.കെ. രജിൻ, കെ.കെ. രാജേഷ്, ഇ.എസ്. സുബീഷ് എന്നിവർ സംസാരിച്ചു.

21/11/2014 MATHRUBHUMI

# ഇ മാലിന്യങ്ങളുടെ വർധന ആശങ്കാജനകം -പ്രോ വൈസ് ചാൻസലർ

**പെരുമ്പാവൂർ:** കേരളത്തിൽ അനുദിനം വർധിക്കുന്ന ഇ മാലിന്യങ്ങൾ ഉണ്ടാക്കാൻ പോകുന്ന ഭവിഷ്യത്തുകളെക്കുറിച്ച് നാം ജാഗ്രത പുലർത്തണമെന്ന് കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല പ്രൊ വൈസ് ചാൻസലർ ഡോ. പൗലോസ് ജേക്കബ് പറഞ്ഞു.

മാറമ്പിള്ളി എംഇഎസ് കോളേജിലെ കോമേഴ്സ് വിഭാഗം കമ്പ്യൂട്ടർ സൊസൈറ്റി ഓഫ് ഇന്ത്യയുടെ സഹകരണത്തോടെ 'ഇ മാലിന്യ സംസ്കരണത്തെക്കുറിച്ച്' സംഘടിപ്പിച്ച ദ്വിദിന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഉപഭോഗ സംസ്കാരത്തിന്റെ വ്യാപനം, ശാസ്ത്ര സാങ്കേതിക വളർച്ച, പാശ്ചാത്യ സംസ്കാരത്തോടുള്ള അഭിനിവേശം എന്നിവയാണ് ഇ മാലിന്യത്തിന്റെ ഭീകരത വർധിപ്പിച്ചതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഇ മാലിന്യങ്ങൾ വിദേശത്ത് നിന്ന് ഇറക്കുമതി ചെയ്യുന്നതും കേരളത്തിന്റെ പാരിസ്ഥിതിക അവസ്ഥയെ തകിടം മറിക്കുന്നു.

കോളേജ് പ്രിൻസിപ്പൽ ഡോ. എ. ബിജു അധ്യക്ഷത വഹിച്ചു.

കുസാറ്റ് സ്കൂൾ ഓഫ് എൻജിനീയറിംഗ് പ്രിൻസിപ്പൽ ഡോ. ജി. മധു, ഡോ. സന്തോഷ് കുമാർ എന്നിവർ പ്രസംഗിച്ചു. റഫീക്കാമോൾ സ്വാഗതവും പ്രിൻസി ഫ്രാൻസിസ് നന്ദിയും പറഞ്ഞു. വിവിധ സർവകലാശാലയിൽ നിന്ന് ഗവേഷകരും അധ്യാപകരും പങ്കെടുക്കുന്ന സെമിനാറിൽ ഇ മാലിന്യ സംസ്കരണത്തെ സംബന്ധിച്ച് 17 പ്രബന്ധങ്ങൾ അവതരിപ്പിക്കും.




മാറമ്പിള്ളി എംഇഎസ് കോളേജിൽ ദ്വിദിന സെമിനാർ കുസാറ്റ് പ്രോ വൈസ് ചാൻസലർ ഡോ. പൗലോസ് ജേക്കബ് ഉദ്ഘാടനം ചെയ്യുന്നു

# ഓസോൺ ദിനം

11/10/14 - MALAYALA MANORAMA

പെരുമ്പാവൂർ ● മാറമ്പിള്ളി എം ഇഎസ് കോളജ് ബയോസയൻസ് വിഭാഗത്തിന്റെയും കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന്റെയും നേതൃത്വത്തിൽ സംഘടിപ്പിച്ച ഓസോൺ ദിനാചരണം 2014 കൊച്ചിൻ യൂണിവേഴ്സിറ്റി അറ്റ്മോസ്ഫറിക് സയൻസ് വിഭാഗം പ്രഫ.ഡോ.വേണു ജി. നായർ ഉദ്ഘാടനം ചെയ്തു. മലിനീകരണ നിയന്ത്രണ ബോർഡ് മുൻ ഡയറക്ടർ ഡോ.കെ.ബാലകൃഷ്ണൻ ഓസോണിന്റെ വിവിധ ഉപയോഗങ്ങൾ എന്ന വിഷയമവതരിപ്പിച്ചു. ഇതോടനുബന്ധിച്ച് നടന്ന ഇന്റർ കൊളീജിയേറ്റ് ക്വിസ് മൽസരത്തിൽ ഭാരത് മാത കോളജ് ടീം ഒന്നാം സ്ഥാനവും കുസാറ്റ് ബയോടെക്നോളജി വിഭാഗം ടീം രണ്ടാം സ്ഥാനവും കരസ്ഥമാക്കി. യുപി സ്കൂൾ വിദ്യാർഥികൾക്കു വേണ്ടി സംഘടിപ്പിച്ച പെയിന്റിങ് മൽസരത്തിൽ ആലുവ എസ്എൻഡിപി എച്ച്എസിലെ ഹരികൃഷ്ണൻ ഒന്നാം സ്ഥാനം നേടി. പ്രിൻസിപ്പൽ ഡോ.ബിജു അധ്യക്ഷത വഹിച്ചു. ബയോസയൻസ് വിഭാഗം മേധാവി ഡോ. പി.പി.മൻസൂർ അലി, പ്രോഗ്രാം കോ-ഓർഡിനേറ്റർ മുരളി രമ്യ എന്നിവർ പ്രസംഗിച്ചു.